# 13. കൂലിപ്പട്ടാളക്കാർ

ശ്രീലങ്കയിൽനിന്ന് ഏതാണ്ട് 75 മൈൽ അകലെ കടലിൽവെച്ച് 1988 നവംബർ 6–ാം തീയതി രാവിലെ 9 മണിക്ക് 'പ്രോഗ്രസ് ലൈററ്' എന്ന ഒരു ചരക്കുകപ്പലിൽ കയറി രക്ഷപ്പെടുകയായിരുന്ന 46 കൂലിപ്പട്ടാളക്കാർ 'ഐ. എൻ. എസ്. ഗോദാവരി' എന്ന ഇന്ത്യൻ പടക്കപ്പലിന്റെ കപ്പിത്താന്റെ മുമ്പിൽ ആയുധങ്ങൾ അടിയറ വെച്ചു കീഴടങ്ങിയതോടെ, മാലദ്വീപുകളിലെ ജനങ്ങൾ നിയമാനുസൃതം തെരഞ്ഞെടുത്ത പ്രസിഡണ്ട് മൗമൂൺ അബ്ദുൾ ഗയ്യൂമിന്റെ ഭരണം അട്ടിമറിക്കുന്നതിന് നവംബർ 3–ാം തീയതി വെളുപ്പിന് വിദേശീയരായ ഏതാനും സാഹസികർ ആരംഭിച്ച ആക്രമണനാടകത്തിനു തിരശ്ശീല വീണു.

ഈ ആക്രമണത്തെ സംബന്ധിച്ച പല വിശദവിവരങ്ങളും ഇനിയും പുറത്തു വന്നിട്ടില്ല. ശ്രീലങ്കയിൽനിന്നും സിംഗപ്പൂരിൽനിന്നുമായി കൂലിക്കെടുത്ത ഇരുനൂറോളം യുവാക്കൾ—ഇവരിൽ അധികംപേരും തമിഴ് സംസാരിച്ചിരുന്നു—ആയിരുന്നു അക്രമികൾ. ഇരുണ്ട പച്ചനിറത്തിലുള്ള പട്ടാള യൂണിഫോറം ധരിച്ച ഇവർ കയറിയ രണ്ടു കപ്പലുകൾ മാലദ്വീപുകളുടെ തലസ്ഥാനമായ 'മാലേ'യുടെ പുറംകടലിൽ നങ്കൂരമിട്ടു കിടന്നു. നവംബർ 3–ാം തീയതി പുലർച്ചെ നാലുമണിയോടടുത്ത് ഇവർ നാലോ അഞ്ചോ ബോട്ടുകളിലായി 'മാലേ'യിലിറങ്ങി. അവിടത്തെ വിമാനത്താവളവും ടെലിവിഷൻ–റേഡിയോ സ്റ്റേഷനുകളും പിടിച്ചടക്കുകയും പ്രസിഡണ്ടിന്റെ കൊട്ടാരം വളഞ്ഞ് വെടിവെപ്പ് ആരംഭിക്കുകയുംചെയ്തു. ഇവരുടെ കൈയിൽ ഗ്രനേഡുകളും ലഘുയന്ത്രത്തോക്കുകളും ആട്ടോമാററിക് റൈഫിളുകളും ഉണ്ടായിരുന്നു. ഇതിനുമുമ്പു തന്നെ ഇരുനൂറോളം അക്രമികൾ 'മാലേ'യിലെത്തി പല മർമസ്ഥാനങ്ങളിലായി നിലയുറപ്പിച്ചുകഴിഞ്ഞിരുന്നുവത്രെ. വെടി പൊട്ടിത്തുടങ്ങിയതോടെ 'മാലേ'യിൽ വൈദ്യുതി വിതരണം നിലച്ചു. റേഡിയോവും ടെലിവിഷനും പ്രവർത്തിക്കാതായി. ജനങ്ങൾ ഭയപ്പെട്ട് വീടുകളിൽ അടച്ചിരുന്നു. ചില മന്ത്രിമാരടക്കം രണ്ടായിരത്തോളം ദ്വീപുകാരെ തങ്ങൾ തടവുകാരാക്കിയിട്ടുണ്ടെന്നും സർക്കാർ ഉടൻ കീഴടങ്ങാത്തപക്ഷം ഈ തടവുകാരെ കൊന്നുകളയുമെന്നും അക്രമികൾ ഭീഷണിപ്പെടുത്തി.

മാലദ്വീപിൽ പട്ടാളമില്ല. പക്ഷേ, 1500 അംഗങ്ങളോളം അടങ്ങിയ 'ദേശീയ സുരക്ഷാസേന' (നാഷണൽ സെക്യൂരിററി സർവീസ്—എൻ. എസ്. എസ്.) ഉണ്ട്. ഇവർക്ക് അക്രമികളെ ചെറുക്കാൻ എന്തുകൊണ്ടു സാധിച്ചില്ല എന്ന വസ്തുത ഇനിയും വ്യക്തമല്ല. ഒരുപക്ഷേ, നവംബർ 3–ാം തീയതി വെളുപ്പിനു നടന്ന ആക്രമണം അവർ പ്രതീക്ഷിച്ചിരിക്കുകയില്ല. ഏതായാലും പ്രസിഡണ്ട് മൗമൂൺ അബ്ദുൾഗയ്യൂം കൊട്ടാരത്തിൽനിന്നു രക്ഷപ്പെട്ടു; ടെലിഫോൺ മുഖേന ശ്രീലങ്കയോടും അമേരിക്കയോടും ഇന്ത്യയോടും മലേഷ്യയോടും പാകിസ്ഥാനോടും സഹായാഭ്യർത്ഥന നടത്തി. സ്വന്തം ആഭ്യന്തരപ്രശ്നങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ശ്രീലങ്കയ്ക്ക് അയൽനാടിനെ സഹായിക്കാൻ കഴിവില്ല. ഇന്ത്യാസമുദ്രത്തിൽ ഒരു സൈനികനടപടിക്ക്—അതു് എത്രതന്നെ നിസ്സാരമായിരുന്നാലും—ഇപ്പോൾ അമേരിക്ക സന്നദ്ധമല്ല. അതിനാൽ ഈ പ്രശ്നം ഇന്ത്യ കൈകാര്യംചെയ്യട്ടെ എന്ന് അമേരിക്ക കരുതിയിരിക്കാം. പ്രസിഡണ്ട് ഗയ്യൂം സഹായാഭ്യർത്ഥന നടത്തിയ മററു രാജ്യങ്ങളും മാലദ്വീപിലെ കുഴപ്പങ്ങളിൽ ചെന്നു തലയിടാൻ താല്പര്യം കാണിച്ചില്ല.

പ്രശംസനീയമായ ശീഘ്രതയും കാര്യദക്ഷതയും പ്രസിഡണ്ട് ഗയൂമിനെ സഹായിക്കുന്നതിൽ ഇന്ത്യാഗവൺമെൻറ് പ്രദർശിപ്പിച്ചു. വിമാനങ്ങളിൽനിന്നു ചാടുന്ന പാരട്രൂപ്പുകൾ അടക്കം രണ്ടായിരത്തോളം സൈനികരെ ആവശ്യമായ ആയുധസന്നാഹങ്ങളോടെ മാലദ്വീപുകളുടെ തലസ്ഥാനമായ മാലേയിലേക്ക് നവംബർ 3–ാം തീയതിതന്നെ ഇന്ത്യ അയച്ചു. 'ഓപ്പറേഷൻ കാക്റ്റസ്' എന്ന പേരു നൽകപ്പെട്ട ഈ സൈനികനടപടിയുടെ കൈനില (ഹോംബേയ്സ്) തിരുവനന്തപുരം വിമാനത്താവളമായിരുന്നു. ഒരു എതിർപ്പും നേരിടാതെ ഇന്ത്യൻ സൈനികർ മാലേയിലെ വിമാനത്താവളമായ 'ഹുലുലേ'യിൽ ഇറങ്ങി.

പ്രസിഡണ്ട് ഗയൂമിന് സഹായം ഇത്ര വേഗത്തിൽ വന്നെത്തുമെന്ന് അക്രമികൾ പ്രതീക്ഷിച്ചിരിക്കയില്ല. പരാജയം നിശ്ചിതമെന്ന് അറിഞ്ഞ അവർ ധൃതിയിൽ രക്ഷപ്പെടാൻ ശ്രമിച്ചു. പലരും അടുത്തുള്ള ദ്വീപുകളിലേക്ക് ഓടിപ്പോയി. കുറെപ്പേർ തുറമുഖത്തു കിടന്നിരുന്ന രണ്ടു കപ്പലുകൾ തട്ടിയെടുത്ത് അവയിൽ കയറി സിലോണിലേക്കു പോകാൻ ശ്രമിച്ചുവെന്നായിരുന്നു ആദ്യം കിട്ടിയ വിവരം. ഈ കപ്പലുകളിൽ ഒന്നായ 'പ്രോഗ്രസ്ലൈററ്' നവംബർ 6–ാം തീയതി ഇന്ത്യൻ നാവികസേന പിടിച്ചെടുത്ത കാര്യം മുമ്പു പറഞ്ഞുവല്ലൊ. രണ്ടാമത്തെ കപ്പൽ ഇനിയും കണ്ടെത്തിയിട്ടില്ല. അങ്ങനെ ഒരു കപ്പൽ ഉണ്ടായിരുന്നുവോ എന്നുതന്നെ സംശയാസ്പദമാണെന്നത്രെ ഇപ്പോൾ കരുതപ്പെടുന്നതു്. അക്രമികൾ ബന്ദിയായിപ്പിടിച്ച് 'പ്രോഗ്രസ്ലൈററി'ൽ കയററി കൊണ്ടുപോവുകയായിരുന്ന അഹമ്മദ് മുജുതബ എന്ന മാലി മന്ത്രിക്കു വെടിയേററിരുന്നു. അദ്ദേഹത്തെ ചികിത്സയ്ക്ക് തിരുവനന്തപുരത്തേക്കു കൊണ്ടുവന്നു. മാലേയിലേക്കു തിരിച്ചു കൊണ്ടുപോകുംവഴി 'പ്രോഗ്രസ്ലൈററ്' സിലോണിനു് 80 മൈലോളം ദൂരെവെച്ചു കടലിൽ താഴ്ന്നുപോയി.

ഇതു് എഴുതുമ്പോൾ മാലദ്വീപിലിറങ്ങിയ ഇന്ത്യൻ സൈനികരിൽ ഭൂരിഭാഗവും ഇന്ത്യയിലേക്കു തിരിച്ചുപോന്നിട്ടുണ്ട്. ദേശീയ സുരക്ഷാസൈനികരെ (എൻ. എസ്. എസ്.) സഹായിച്ചുകൊണ്ട് കുറച്ച് ഇന്ത്യൻ സൈനികർ ഇപ്പോഴും അവിടെ നിലകൊള്ളുന്നു. ഇവർക്കും ഏറെ താമസിയാതെ തിരിച്ചു വരാൻ കഴിയുമെന്നാണു പ്രതീക്ഷ.

മാലദ്വീപിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ഇന്ത്യ നൽകിയ സേവനം ഇതിനകം പല രാഷ്ട്രനേതാക്കളുടെയും പ്രശംസ നേടിയിട്ടുണ്ട്. രാജീവ്ഗാന്ധിക്കുള്ള ഒരു സന്ദേശത്തിൽ കോമൺവെൽത്ത് സെക്രട്ടറി ജനറൽ ശ്രീദത്ത് രാംഫൽ പറഞ്ഞു: 'ലോകക്രമത്തിനും സമാധാനത്തിനും ഇന്ത്യാസമുദ്രപ്രദേശത്തിൽ സ്ഥിരതയ്ക്കുംവേണ്ടി താങ്കൾ വേഗത്തിലും ഫലപ്രദമായും പ്രവർത്തിച്ചതുനിമിത്തം കോമൺവെൽത്തിൻെറയും മററു രാഷ്ട്രങ്ങളുടെയും നില ഇന്നു കൂടുതൽ ശോഭനമായിട്ടുണ്ട് മാലദ്വീപിൽനിന്ന് അക്രമികളെ തുരത്തിയ ഇന്ത്യയുടെ നിസ്വാർത്ഥപ്രവർത്തനംമൂലം പല ചെറുരാജ്യങ്ങളിലും ഇന്നു ജീവനു കൂടുതൽ സുരക്ഷ കൈവന്നിരിക്കുന്നു. താങ്കൾ നൽകിയ നേതൃത്വത്തെപ്പററി കോമൺവെൽത്തിന് അഭിമാനമുണ്ട്. ലോകം മുഴുവൻ താങ്കളോടു കടപ്പെട്ടിരിക്കുന്നു.' ലോകമെങ്ങുമുള്ള സമാധാനപ്രേമികളുടെ വികാരങ്ങൾ ശ്രീദത്ത് രാംഫലിൻെറ ഈ പ്രസ്താവനയിൽ പ്രതിഫലിക്കുന്നുണ്ട്.

ഇന്ത്യാസമുദ്രത്തിൽ, ശ്രീലങ്കയിൽനിന്നു 400 മൈലോളം തെക്കുപടിഞ്ഞാറായി കിടക്കുന്ന 1200–ഓളം പവിഴദ്വീപുകളാണ് 'മാലദ്വീപുകൾ' എന്ന പേരിൽ അറിയപ്പെടുന്നതു്. ഇവയെല്ലാംകൂടി 115 ചതുരശ്രമൈലോളം വലിപ്പമേ കാണു. ഇവയിൽ 200 ദ്വീപുകളിലേ ജനവാസമുള്ളു. 1984–ൽ മാലദ്വീപുകളിലെ ജനസംഖ്യ രണ്ടു ലക്ഷമാണെന്നു കണക്കാക്കിയിരുന്നു. ഇവരിൽ നാല്പത്തീരായിരത്തോളം ആളുകളും തലസ്ഥാനമായ മാലേയിൽ പാർക്കുന്നു. ഇന്ത്യയുടെ ഭാഗമായ ലക്ഷദ്വീപുകളിൽ ഏററവും തെക്കെ അററത്തുള്ള മിനിക്കോയ് തങ്ങളുടേതാണെന്ന അവകാശവാദം പണ്ട് മാലദ്വീപുകാർ ഉന്നയി

ക്കാറുണ്ടായിരുന്നു. വർഗപരമായും ഭാഷാപരമായും സാംസ്കാരികമായും മിനിക്കോയ്ക്കാർക്ക് ബന്ധം മാലദ്വീപുകാരോടത്രേ.

ബ്രിട്ടീഷ് സംരക്ഷണത്തിലായിരുന്ന മാലദ്വീപുകാർ സ്വതന്ത്രരായതു് 1965–ലാണ്. 1968–ൽ 'മാലദ്വീപ് റിപ്പബ്ലിക്' പ്രഖ്യാപിക്കപ്പെട്ടു. പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ അഞ്ചു വർഷത്തേക്കു തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടാണ് രാഷ്ട്രത്തലവൻ. ഇക്കഴിഞ്ഞ സെപ്തംബർ 23–ാം തീയതി മൂന്നാമത്തെ തവണ പ്രസിഡണ്ടുസ്ഥാനത്തേക്ക് മൗമൂൺ അബ്ദുൽ ഗയ്യൂം തെരഞ്ഞെടുക്കപ്പെട്ടു. നവംബർ 11–ാം തീയതിയാണ് പ്രസിഡണ്ട് എന്ന നിലയിൽ അദ്ദേഹത്തിന്റെ മൂന്നാമത്തെ സത്യപ്രതിജ്ഞാകർമം. പ്രസിഡണ്ട് നിയമിക്കുന്ന മന്ത്രിമാർ അടങ്ങിയ മന്ത്രിസഭയും പ്രസിഡണ്ട് നോമിനേററ്ചെയ്യുന്ന എട്ടും ജനങ്ങൾ തെരഞ്ഞെടുക്കുന്ന നാല്പതും അംഗങ്ങളടങ്ങിയ ഒരു ജനപ്രതിനിധിസഭയും ഭരണകാര്യങ്ങളിൽ പ്രസിഡണ്ടിനെ സഹായിക്കുന്നു. പ്രധാനമന്ത്രി പ്രസിഡണ്ടുതന്നെ. ഐക്യരാഷ്ട്രസംഘടനയിലും കോമൺവെൽത്തിലും മാലദ്വീപുകാർക്ക് അംഗത്വമുണ്ട്. മത്സ്യബന്ധനവും തെങ്ങുകൃഷിയുമാണ് മാലദ്വീപുകാരുടെ മുഖ്യ വരുമാനമാർഗങ്ങൾ. ഈയിടെയായി ടൂറിസവും അവിടെ അഭിവൃദ്ധിപ്രാപിച്ചുവരുന്നു.

മാലേയിൽ നടന്ന ആക്രമണത്തിൽ തനിക്ക് യാതൊരു പങ്കുമില്ലെന്ന് ഇപ്പോൾ സിംഗപ്പൂരിൽ താമസിക്കുന്ന, മാലദ്വീപുകളുടെ മുൻ പ്രസിഡണ്ടായ, അമീർ ഇബ്രാഹിം നാസിർ പ്രസ്താവിച്ചിട്ടുണ്ട്. പ്രസിഡണ്ട് ഗയ്യൂമിനോട് വിരോധമുള്ളവരും, ഇപ്പോൾ ശ്രീലങ്കയിൽ പാർക്കുന്നവരുമായ ചില മാലദ്വീപുകാരാണ് ഈ അക്രമം സംഘടിപ്പിച്ചതെന്ന് സംശയിക്കപ്പെടുന്നു. പ്രസിഡണ്ട് ഗയ്യൂമിന്റെ സർക്കാരിനെതിരെ അട്ടിമറി പ്രവർത്തനങ്ങൾ ഇതിനുമുമ്പും രണ്ടു തവണ നടന്നിട്ടുണ്ട്. ഒരിക്കൽ മാലേ പിടിച്ചടക്കാൻ ശ്രമം നടത്തിയതു് ബ്രിട്ടീഷ് കൂലിപ്പട്ടാളക്കാരായിരുന്നു.

ജനാധിപത്യരാഷ്ട്രങ്ങളിൽ, പ്രത്യേകിച്ചും ദരിദ്രരാഷ്ട്രങ്ങളിൽ, സമാധാനജീവിതത്തിന് ഭീഷണിയായിത്തീർന്നിട്ടുള്ള രണ്ടു പ്രതിഭാസങ്ങളാണ് ഭീകരപ്രവർത്തനങ്ങളും കൂലിപ്പട്ടാളങ്ങളും. നിലവിലുള്ള സർക്കാരിനോട് എതിർപ്പ് ജനാധിപത്യപരമായ മാർഗങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിനു പകരം അക്രമത്തിലൂടെ പ്രകടിപ്പിക്കുന്ന ന്യൂനപക്ഷങ്ങളത്രെ ഭീകരപ്രവർത്തകർ. ഇവർ പലപ്പോഴും സ്വകാര്യ പട്ടാളസംഘങ്ങൾ രൂപവല്ക്കരിക്കുന്നു. ശ്രീലങ്കയിലെ തമിഴ് വിടുതലൈപ്പുലികൾ, പഞ്ചാബിലെ ഖാലിസ്ഥാൻ വാദികൾ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ പല കലാപസേനകൾ—ഭീകരപ്രവർത്തനത്തിന്റെ പല മുഖങ്ങൾ ഇവരിൽ കാണാവുന്നതാണ്. ഇററലിയിലെ റെഡ് ബ്രിഗേഡ്, ബ്രിട്ടനിലെ ഐറിഷ് റിപ്പബ്ലിക്കൻ ആർമി, ജപ്പാനിലെ റെഡ് ആർമി, പടിഞ്ഞാറെ ജർമനിയിലെ ബാദർ മൈൻ ഹോഫ്, ഫ്രാൻസിലെ ആക്ഷൻ ഡയരക്ട്, പെറുവിലെ ഷൈനിങ് പാത്ത് മുതലായവ പ്രസിദ്ധങ്ങളായ ഭീകരപ്രവർത്തകസംഘങ്ങളാകുന്നു. ഇവയിൽ പലതും ഇപ്പോൾ താരതമ്യേന നിഷ്ക്രിയങ്ങളായിരിക്കുന്നു. സംഘർഷപൂർണമായ മദ്ധ്യപൗരസ്ത്യപ്രദേശത്തു് പല ഭീകരസംഘങ്ങളും ഇപ്പോഴും പ്രവർത്തനനിരതങ്ങളാണ്. ഒരു രാജ്യത്തിലെ ഭീകരപ്രവർത്തനങ്ങളെ മറെറാരു രാജ്യത്തിലെ ഗവണ്മെൻറ് രഹസ്യമായി, ചിലപ്പോൾ പരസ്യമായിത്തന്നെ, സഹായിക്കുമ്പോഴാണ്, സാധാരണയായി ഭീകരപ്രവർത്തനങ്ങൾ ആഭ്യന്തരകലാപങ്ങളായി വളരുന്നതു്.

ആയുധങ്ങൾ നിർമിക്കുന്നതിലും അവ ഉപയോഗിക്കുന്നതിലും വൈദഗ്ധ്യം നേടിയ എത്രയോ ആളുകൾ എല്ലാ രാജ്യങ്ങളിലുമുണ്ട്. ഇവരിൽ പലരും പല തലങ്ങളിൽ ദീർഘകാലം സൈനികസേവനം അനുഷ്ഠിച്ചവരായിരിക്കും. പ്രതിഫലം ലഭിച്ചാൽ ആരോടു വേണമെങ്കിലും യുദ്ധംചെയ്യാൻ മടിക്കാത്ത ഒട്ടധികം പേർ ഇവരുടെ ഇടയിൽ കാണും. പണത്തിനുവേണ്ടിയെന്നപോലെ സാഹസത്തിലുള്ള താല്പര്യംകൊണ്ടും ഇവർ മറുനാടുകളിലെ ആഭ്യന്തര കലാപ

ങ്ങളിൽ നേരിട്ട് പങ്കെടുക്കാൻ തയ്യാറായേക്കും. ഇത്തരക്കാരെയാണ് കൂലിപ്പട്ടാളക്കാർ (മെഴ്സണറികൾ) എന്നു പറയുന്നത്.

മററൊരു രാഷ്ട്രത്തിലെ പട്ടാളത്തിലേക്ക് തങ്ങളുടെ പ്രജകളെ റിക്രൂട്ട് ചെയ്യാൻ ചില രാഷ്ട്രങ്ങൾ സമ്മതിക്കാറുണ്ട്. നേപ്പാളിലെ ഗോർഖമാരെ ചേർത്ത് സംഘടിപ്പിച്ച പട്ടാളവിഭാഗങ്ങൾ ബ്രിട്ടീഷ് സേനയുടെ ഘടകങ്ങളായിരുന്നു. ഒരു അടികൂടി മുന്നോട്ടുപോയി, സ്വന്തം പട്ടാളവിഭാഗങ്ങളെ മറു നാടുകളിൽ സേവനത്തിനു അയയ്ക്കുന്ന രാഷ്ട്രങ്ങളും ഇല്ലായ്കയില്ല. അറബി നാടുകളിൽ സേവനത്തിന് പാകിസ്ഥാനിലെ പട്ടാളക്കാരെ ഇപ്പോഴും അയച്ചു കൊടുക്കുന്നുണ്ട്.

മറുനാടുകളിലെ കലാപകാരികൾക്ക് പരിശീലനം നൽകുന്നതിനുള്ള താവളങ്ങൾ നടത്താൻ ചില രാഷ്ട്രങ്ങൾ തങ്ങളുടെ പൗരന്മാർക്ക് അനുവാദം നൽകുന്നു. നികരാഗ്വയിലെ നിയമാധിഷ്ഠിത ഗവണ്മെൻറിനോട് പൊരുതുന്ന കലാപകാരികൾക്ക് അമേരിക്കയിൽവെച്ച് അമേരിക്കൻ പൗരന്മാർ പരിശീലനം നൽകുന്നതായും ഇവരെ അമേരിക്കൻ ഗവണ്മെൻറ് പണവും ആയുധവും നൽകി പ്രോത്സാഹിപ്പിക്കുന്നതായും ആരോപണം ഉണ്ടായിട്ടുണ്ട്.

തങ്ങൾക്ക് ഇഷ്ടം തോന്നാത്ത രാജ്യങ്ങളിലെ സർക്കാരുകളെ അട്ടിമറിക്കുന്നതിനും കൂട്ടത്തിൽ തങ്ങളുടെ പൗരന്മാർക്കിടയിലെ തൊഴിലില്ലായ്മപ്രശ്നം ഒട്ടെങ്കിലും പരിഹരിക്കുന്നതിനുംവേണ്ടി, തങ്ങളുടെ നാട്ടിൽ വന്നു് മറുനാടുകളിലെ കലാപകാരികൾ കൂലിപ്പട്ടാളക്കാരെ സംഘടിപ്പിക്കുന്നതിൻെറ നേരേ പല സർക്കാരുകളും കണ്ണടയ്ക്കുന്നു.

കൂലിപ്പട്ടാളസമ്പ്രദായത്തെ (മെഴ്സണറിസം) നിരോധിക്കുന്നതിനും ശിക്ഷിക്കുന്നതിനുമായി ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു അന്താരാഷ്ട്രീയ കൺവെൻഷൻ വിളിച്ചുകൂട്ടണമെന്നു് 1988 ഒക്ടോബർ 28–ാം തീയതി ഇന്ത്യാ ഗവണ്മെൻറ് ഐക്യരാഷ്ട്രസംഘടനാ സമ്മേളനത്തിൽ ആവശ്യപ്പെടുകയുണ്ടായി. ദരിദ്രരാഷ്ട്രങ്ങളുടെ, പ്രത്യേകിച്ച് ചെറിയരാഷ്ട്രങ്ങളുടെ, സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനും സുരക്ഷയ്ക്കും അഖണ്ഡതയ്ക്കും ഭീഷണിയാണ് കൂലിപ്പട്ടാളപ്രവർത്തനമെന്നു് ഇന്ത്യാ ഗവണ്മെൻറിനെ പ്രതിനിധാനംചെയ്തുകൊണ്ട് പാർലമെൻറ് മെമ്പർ വിശ്വബന്ധുഗുപ്ത ഈ സമ്മേളനത്തിൽ പറഞ്ഞു. കൂലിപ്പട്ടാള സമ്പ്രദായമെന്നത് അന്താരാഷ്ട്രീയ ഭീകര പ്രവർത്തനംതന്നെയാണ്. കൂലിപ്പട്ടാളക്കാരെ റിക്രൂട്ട്ചെയ്യുക, അവർക്ക് ധനസഹായം നൽകുക, അവരെ പരിശീലിപ്പിക്കുക, അവരെക്കൊണ്ട് അന്യരാജ്യങ്ങളിൽ അക്രമങ്ങൾ നടത്തിക്കുക തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളെയും പൂർണമായും ഫലപ്രദമായും നിരോധിക്കാൻ ഏർപ്പാട് ഉണ്ടാക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. കൂലിപ്പട്ടാളക്കാരൻ (മെഴ്സണറി) ആരെന്നു് നിർവചിക്കണം. യുദ്ധനിയമങ്ങൾ സാധാരണ പട്ടാളക്കാർക്ക നൽകുന്ന സംരക്ഷണം കൂലിപ്പട്ടാളക്കാർക്ക ലഭിക്കരുത്, കൂലിപ്പട്ടാളക്കാരെ സംഘടിപ്പിക്കുന്ന സർക്കാരുകൾക്കെതിരെയും നടപടികൾ എടുക്കണം. ഇതിനായി രാഷ്ട്രങ്ങൾ പരസ്പരം സഹകരിക്കണം.

ഇന്ത്യയുടെ ഈ അഭിപ്രായങ്ങളോട് പാകിസ്ഥാൻ മുതലായ മററു ചില രാഷ്ട്രങ്ങളും യോജിപ്പു പ്രകടിപ്പിച്ചു. ഇക്കാര്യം ആലോചിക്കാൻ ഐക്യരാഷ്ട്ര സംഘടന ഒരു താല്ക്കാലിക സമിതിയെ നിയമിക്കുകയുംചെയ്തു.

ഐക്യരാഷ്ട്രസംഘടനയിൽ ഈ ചർച്ച നടന്നു് ഒരാഴ്ച തികയുംമുമ്പാണ് മാലദ്വീപിൽ കൂലിപ്പട്ടാളക്കാരുടെ ആക്രമണമുണ്ടായതു് എന്ന വസ്തുത അർത്ഥഗർഭമായി തോന്നുന്നില്ലേ?

(14 നവംബർ, 1988)